റാവു സാഹിബ്ബ് കെ അയ്യപ്പൻ: ഇനിയും ഏതു സ്ഥലമാണ് വേണ്ടതു് എന്നു ഗവ ൺമെണ്ട് തീരുമാനമെടുത്തിട്ടില്ല. ഈ പറഞ്ഞ സംഗതികളെല്ലാം ഗവൺമെണ്ട് ആലോചിക്കും. കെട്ടിടമുണ്ടാക്കുന്ന കാര്യത്തെപ്പറ്റി ഗവൺമെണ്ട് താമസിക്കാതെ കഴിയുന്നതും വേഗത്തിൽ ഒരു തീരുമാനം ചെയ്യുമെന്നാണ് പറയുന്നതു്. പിന്നെ സ്ത്രീകൾക്കു വേറെ ഒരു കെട്ടിടം വേണമെന്നു പറഞ്ഞു. അതു സ്ത്രീകൾ ധാരാളം മെമ്പർമാരായിവരുന്ന കാലത്തു ആലോചിക്കേണ്ട സംഗതിയാണ്. അതിന്റെ ആവശ്യം നേരിടുമ്പോൾ ഗൌരവമായി ആലോചിക്കുന്നതാണെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. അതുകൊണ്ട് ഈ പ്രമേയം ഗവൺമെണ്ട് സ്വീകരിച്ചതുപോലെതന്നെ കരുതാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ബഹുമാനപ്പെട്ടമന്ത്രി അവർകൾ അതു തീരുമാനമായി എന്നു പറഞ്ഞാൽ മെമ്പർമാർക്ക് അതിന്റെ അർത്ഥമൊക്കെ പലതരത്തിലും വ്യാഖ്യാനിക്കാം.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതിൽ ഒരു കുഴപ്പവുമില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇതിനു് ഒരു കാലനിർണ്ണയം ചെയ്യരുതെ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇതു് അതുപോലെയുള്ള കാര്യമല്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: എഫ് എഫ് എ–ലെ ബഡ്ജറ്റ് പാസ്സാക്കിയപ്പോൾ എഫ് എഫ് എ-ൽ തന്നെ ഇതു് ചെയ്യാമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതുപോലെ അല്ല ഈ തവണ പറയുന്നതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: വരുന്ന ബഡ്ജറ്റ് സമ്മേളനം കൂടുന്ന അവസരത്തിൽ താമസിക്കാൻ ഒരു സ്ഥലം ഉണ്ടാകുമോ എന്നാണറിയേണ്ടതു്.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: കഴിയുന്ന വേഗത്തിൽ ഇക്കാര്യത്തിൽ വേണ്ട ശ്രമങ്ങൾ ചെയ്യുന്നതാണ്.

Mr. P. K. Paul *(Chalakkudi)*: So the matter will be very expeditiously attended to and the work started in right earnest at the earliest possible opportunity.

Resolution, by leave, withdrawn

Resolution No. 5

(5) Educational Concessions to backward communities in private Colleges—Grant of

മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ പ്രസിഡണ്ട് സർ, "ഈ രാജ്യത്തിലെ പ്രൈവെറ്റ് കോളേജുകളിൽ പഠിക്കുന്ന എല്ലാ പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്കും, മഹാരാജാസ് കോളേജിലെ അത്തരം വിദ്യാർത്ഥികൾക്കും, വിദ്യാർത്ഥിനികൾക്കും അനുവദിക്കുന്നതുപോലെയുള്ള എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും സൌജന്യങ്ങളും അനുവദിക്കേണ്ടതാണെന്ന് ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു ശുപാർശചെയ്യുന്നു" ഇതാണ് എന്റെ പ്രമേയം. ഇതിനു് മുമ്പ് എന്റെ സ്നേഹിതൻ മിസ്റ്റർ രാഘവൻ അവതരിപ്പിച്ചതായ പ്രമേയത്തെക്കുറിച്ച് ഗവൺമെണ്ട് ഭാഗത്തുനിന്നും പറഞ്ഞതായ ബുദ്ധിമുട്ടുകളൊന്നും ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെണ്ടിനു് പറയാനുണ്ടാവുകയില്ലെന്നാണ് എന്റെ വിശ്വാസം. പിന്നോക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാറുണ്ട്. പകുതി ഫീസ് അനുവദിച്ചുകൊടുക്കുക എന്നുള്ളതു്. മഹാരാജാസ് കോളേജിലെ കുട്ടികൾക്ക് മാത്രമാണ് കിട്ടുന്നതു്. ഇതു് കൊടുക്കുവാൻ ഉദ്ദേശിച്ചകാലത്തു് മഹാരാജാസ് കോളേജ് മാത്രമാണുണ്ടായിരുന്നതു്. പിന്നീട് പ്രൈവറ്റ് കോളേജുകൾ വന്നു. ഈ സൌജന്യം കൊടുക്കുന്നതിനു് ചില ബുദ്ധിമുട്ടുകൾവരുന്നുണ്ട്. കഴിഞ്ഞകൊല്ലം തേവര കോളേജിൽ കൊല്ലാവസാനംവരെ അവിടത്തെ പിന്നോക്ക സമുദായ വിദ്യാർത്ഥികൾ അപേക്ഷകൾ കൊടുത്തുകൊണ്ടിരുന്നു. പിന്നോക്കസമുദായത്തിൽപ്പെട്ട വളരെ കുട്ടികൾ ഈ ഫീസ് ഇളവു് ചെയ്തുകിട്ടുമെന്നു് ആശിച്ചാണ കോളേജിൽ ചേർന്നതും. പക്ഷേ കൊല്ലാവസാനംവരെ കാത്തിരുന്നിട്ടും കിട്ടിയില്ല. മഹാരാജാസ് കോളേജിൽ പഠിക്കുന്ന പിന്നോക്ക സമുദായ കുട്ടികൾക്ക് ഒരു poverty സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽമതി, ആനുകൂല്യം ലഭിക്കും. അതുപോലെ ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വക്ക് ഇപ്പോൾ മഹാരാജാസ് കോളേജിൽ കൊടുത്തുവരുന്നപോലെയുള്ള ആനുകൂല്യങ്ങൾ, തേവര കോളേജ്, സെൻറ്തോമാസ്കോളേജ്, ഇപ്പോൾ തൃശ്ശിവപേരൂരിൽ തുടങ്ങിയിരിക്കുന്ന Hindu കോളേജ് സെൻറാൾബട്ട്സ് കോളേജ് എന്നിവയിലെ കൂട്ടികൾക്കുംകൂടി കൊടുക്കണമെന്നാണ് ഞാൻ പ്രമേയത്തിൽആവശ്യപ്പെട്ടത്. അതുകൊണ്ട് ഈ കാര്യം ഗവ ൺമെണ്ട് ഭയവാസി ആലോചിച്ചു യഥാകാലം വേണ്ട നടപടിയെടുക്കണമെന്നു ഞാനപേക്ഷിക്കുന്നു. ഇന്നു പിന്നോക്ക സമുദായങ്ങൾക്കു മഹാരാജാസ് കോളേജിൽ പ്രവേശനം ലഭിക്കാൻ വളരെ വിഷമമുണ്ട്. ചില സമുദായങ്ങളിൽനിന്നു ആർക്കും തന്നെ പ്രവേശനം ലഭിക്കാതെവരുന്നുണ്ട്. ഉദാഹരണമായി കമ്മാളസമുദായത്തിൽനിന്നു ഒരൊറ്റയാൾക്കുപോലും ഇക്കൊല്ലം മഹാരാജാസ് കോളേജിൽ admission കിട്ടിയിട്ടില്ല. വേറെ കോളേജിലും admission കിട്ടാൻ വിഷമമാണ്. കിട്ടിയാലും മുഴുവൻ ഫീസ് അവിടെ കൊടുക്കേണ്ടിവരും. അതു പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്കു സാധ്യവുമല്ല. മഹാരാജാസ് കോളേജിൽ admission വ്യവസ്ഥ പിന്നോക്കസമുദായങ്ങളെ സംബന്ധിച്ചടത്തോളം അവർക്കു ഗുണകരമല്ല. അതുഭേദപ്പെടുത്തണം. അതോടുകൂടി മറ്റു കോളേജിലെ പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കും എല്ലാവർക്കും മഹാരാജാസ് കോളേജിൽ ചേർന്നാൽ ലഭിക്കുന്ന പകുതി ഫീസു ഇളവുചെയ്തുകൊടുക്കണം. പകുതി ഫീസു ഇളവുകിട്ടുമെന്ന പ്രതീക്ഷയോടെ ചേരുന്നകുട്ടികൾക്കു അതു ലഭിക്കായ്കയാൽ പഠിപ്പു ഇടക്കുവച്ചു മുടക്കേണ്ടിവരുന്ന ദുഃസ്ഥിതി വന്നുചേരാതെ അവരെ സഹായിക്കേണ്ടതു ഗവൺമെണ്ടിൻറെ കടമയാണ്.

Mr. P. Govinda Menon *(Minister for Food and Education)* The difficulties which certain students belonging to the backward communities experienced last year in the St. Albert's college and the Thevara college have been rectified as was pointed out by the Hon'ble Member. The difficulty arose this way. The St. Thomas College had been in existence for the last several years. In that college, Government have assigned certain places. They have decided that a certain number of concessions will be available in the St. Thomas College. The number had necessarily to be restricted, because, if concesions are given in that College Government will have to re-imburse it to the College authorities. The Thevara and St. Albert's Colleges being new Colleges Government conld not assign any number in those colleges and some time was necessary for Government to consider how many places should be assigned in these 2 Colleges. That Government assigned places in these Colleges very liberally will be seen from certain figures which I will give you. In the Sacred Heart's College, Thevara, 16 places in the 1st University Class and 4 places in the 3rd University Class were reserved for backward communities.

Mr. P. K. Dewer *(Nomimated)*: How many in the B.Com. class?

Mr. P. Govinda Menon *(Minister for Food and Education)*: I will come to that. In the St. Albert's College there was only the 1st university Class last year and 8 places were assigned in that College. It is seen that out of the 16 and 4 places assigned in the Thevara College, as a matter of fact there were only 12 and 1 respectively belonging to the backward communities to avail of the concessions made by Government. That will show that Government allotted these places rather liberally. In the St. Albert's College all the concessions assinged have been availed of. Now Government cannot, at present, accede to the proposition that as many students as are eligible for those places studying in private Colleges should be given the concession. As I stated, liberal allotments have been made and the present figures show that places far in excess of the requirements have been allotted.

Mr. P. K. Dewer *(Nomimated)*: May I know the number this year

Mr. P. Govinda Menon *(Minister for Food and Education)*: The same number this year. Government cannot accede to the proposition that any number of students in these Colleges should be given concessions, because Government will have to pay out of the Treasury to the managements of these Colleges. I think in the Maharaja's College each and every student belonging to these communities, if they are otherwise eligible, will be given concessions. In the case of College Education Government must, for the present, rest content, with this amount of concession on behalf of members of the backward community, that is to say, some restriction will have to be placed out of financial considerations and out of those considerations alone. That is what is being done here. Therefore assuring the Hon'ble member that all that is possible is being done I would request him not to insist that all students in all these private colleges must be given concessions. In fixing the number a very liberal policy is being adopted. I think nothing further is possible just at present.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: On a point of information സെൻറ ഞൽബർട്ട്സ് കോളേജിൽ III rd Calss-ൽ ഒരു കുട്ടിയെയുള്ളുവെന്ന് പറഞ്ഞുവല്ലൊ. ആ കുട്ടിക്കും ഈ കൺസ്സഷൻ അനുവദിക്കാമോ?

Mr. P. Govinda Menon *(Minister for Food and Education):* No. What I said was this. In the Sacred Heart College, Thevara, although Government had assigned 4 places that was availed of only by one student.

Mr. P. K. Dewer *(Nominated):* I may inform the Hon'ble Minister that I know, as a matter of fact, that students did not get the concession, in spite of the fact that they submitted poverty certificates.

Mr. P. Govinda Menon *(Minister for Food and Education):* That was what I was saying. Now the question of assigning places for backward communities in the Sacred Heart's College, Thevara, and in the St. Albert's College was taken up only during the course of this year. Government had not decided previously or provided for in the Budget for any such concession. When complaints reached Government from several students studying in the colleges the question was considered and naturally being a provision not budgetted for, Government had to take some time to decide the question. The Director of Public Instruction had to be consulted as to the number of place to be fixed in each College. Therefore,, some delay occurred in the matter which Government very much regret. But all that was possible was done. Had money been provided in the Budget for these things previously, there would have been no delay.

Mr. P. K. Dewer *(Nominated):* May I know Sir, whether in the St. Albert's College these concessions are given for these communities for the 3rd University class.

Mr. P. Govinda Menon *(Minister for Food and Education):* I understand that the third University class has been started this year and the question will be taken up.

Mr. K. T. Achuthan *(Ezhuvas-Mukundapuram):* What is the number allotted in the Trichur St, Thomas College?

Mr. P. Govinda Menon *(Minister for Food and Education):* 18 for the Intermediate and 8 for the B.A. Class.

Mr. K. A. Raghavan *(Nominated):* May I know whether all the students of backward communities in the Maharaja's College are getting this concession?

Mr. P. Govinda Menon *(Minister for Food and Education):* Being a Government College, all the students admitted in the Mahraja's College are given that concession, provided they are eligible and they produce the poverty certificate.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ നിർദ്ദേശത്തിനുവേണ്ടി ഈ പ്രമേയം പ്രസ്സു ചെയ്യുകയരുതു്യെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ ഈ പ്രമേയം ഇവിടെ പ്രസ്സുചെയ്യണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ, ഈ സംഗതി വെറുതെ വിട്ടുകളയുവാൻ നിവൃത്തിയില്ലെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് പറയുവാനുണ്ടു്. കാരണം കഴിഞ്ഞകൊല്ലംവരെ പഠിച്ചുകൊണ്ടിരുന്ന കുട്ടികൾക്കു് നാലു place ഉണ്ടായിരുന്നു.

Mr. P. Govinda Menon *(Minister for Food and Education):* The reason is this. For the B. Com. Course no concession had been assigned just as for B. A. and Intermediate. As I said earlier Government do not accept the proposition that for all Courses available under the Madras University. Government should give this concession. That is a very specialised course. In the Medical and Engineering Colleges we are not giving it. Whether it is desirable to do it or not is a different matter. At present we are not doing it.

മിസ്റ്റർ പി. കെ. ഡീവർ: ഇതു് വളരെ ശരിയാണെന്നു എനിക്കു തോന്നുന്നില്ല. തേവര കോളേജിൽ B Com-നു് പഠിക്കുന്ന ഒരു കുട്ടിക്കും B. A. ക്ലാസ്സിൽ പഠിക്കുന്ന മറ്റൊരു കുട്ടിക്കും ഈ ആനുകൂല്യം കിട്ടിയിട്ടില്ല. അതുകൊണ്ടു് ഈ കാര്യം ഗവൺമെണ്ടു് പുനരാലോചിക്കണം. മഹാരാജാസ് കോളേജിൽ മുഴുവൻ സൌജന്യവും ഈ കുട്ടികൾക്കു് കൊടുക്കുന്നുണ്ടെന്നു പറയുന്നുണ്ടു്. എന്നാൽ അവിടെ കുട്ടികൾക്കു പ്രവേശനം കിട്ടുവാൻ സാധിക്കാത്തമാതിരിയാണു് അവിടത്തെ അഡ്മിഷന്റെ സ്ഥിതിയെന്നു എനിക്കറിയാം. പത്തുപേർക്കു് അനുവാദം ചോദിച്ചിട്ടു് രണ്ടുപേർക്കു് മാത്രമെ അഡ്മിഷൻ കിട്ടിയുള്ളു. സെൻറ് ഞൽബർട്ട്സ് കോളേജിൽ വു പേർക്കു് കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. എ

LIBRARY ARCHIVES Kerala Legislative Assembly

ന്നാൽ പത്തിനഞ്ചോ, പതിനാറോ സമുദായങ്ങൾക്കും ബേക്കവേർഡ് കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ടുംഎന്നോക്കേണ്ടതാണ്. B.C.എന്നു പറഞ്ഞാൽ വെളുക്കിത്തലയൻ, ദേവദാസി മുതലായപല ആളുകളും അതിലുൾപ്പെട്ടും. തീണ്ടലുംകൂടിയുള്ള ചില സമുദായങ്ങളും അതിലുൾപ്പെട്ടും. അതുകൊണ്ട് പിന്നോക്കസമുദായത്തിൽ പറിക്കുന്ന കുട്ടികളുടെ കായ്ത്തിൽ ലിബറലായിട്ടുള്ള ഒരു നില എടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. മഹാരാജാസ് കോളേജിൽ എല്ലാ മുസ്ലിമിങ്ങൾക്കും പ്രവേശനം നൽകുന്നതുപോലേയുള്ള ഉദാരമായ ഒരു നില ബാക്കവേർഡ് കമ്മ്യൂണിറ്റിസിന്റെ കായ്ത്തിലും സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന രീതിയിലായാൽ ഈ സമുദായങ്ങളിൽ പലതിനും തീരെ പ്രവേശനം കിട്ടിയില്ലെന്നതന്നെവരും. അങ്ങിനെ കിട്ടാത്തതായിട്ടുള്ള ഉദാഹരണങ്ങൾ ഉണ്ട്. ഒന്നു ഞാൻ നേരത്തെ ഇവിടെ പറഞ്ഞുകഴിഞ്ഞു. അമ്പതിനായിരത്തോളം വരുന്ന കമ്മാളസമുദായത്തിലെ ഒരു കുട്ടി മാത്രമാണ് അപേക്ഷ അയച്ചതു്. എന്നാൽ ആ കുട്ടിക്ക അഡ്മിഷൻ കിട്ടിയില്ല—അതുകൊണ്ട് ഈ അഡ്മിഷനെ സംബന്ധിച്ചു കുറച്ചുകൂടി ലിബറലായി ഒരു നയം സ്വീകരിച്ചു പെരുമാറണമെന്നൊരപേക്ഷയും ചെയ്യാൻ ഞാനീയവസരം വിനിയോഗിക്കുന്നു. പകുതിഫീസിന്റെ കായ്ത്തിൽ സെൻറ് അൽബർട്ട്സ് കോളേജിലെ ബി. എ. ക്ലാസ്സിൽ ഇക്കൊല്ലം ചേർന്നിട്ടുള്ള കുട്ടികൾക്കു ഫീസ്സ് ഇളവുകൊടുക്കാൻ ഉടനെ നടപടി എടുക്കണം. എല്ലാ കോളേജുകളിലും അർഹരായ പിന്നോക്കസമുദായവിദ്യാർത്ഥികൾക്കു പകുതി ഫീസു അനുവദിച്ചുകൊടുക്കുകയാണ് വേണ്ടതു്. പണക്കാരുടെ കുട്ടികൾക്കുവേണ്ടി ലക്ഷക്കണക്കിനു പണം ചിലവുചെയ്തു പുതിയ കോളേജുകൾ സൃഷ്ടിക്കുമ്പോൾ പാവപ്പെട്ടവരുടെ കുട്ടികൾക്കു അതിൽ ഗുണം അനുഭവിക്കാൻ കുറെയൊക്കെ ഇടയാകേണ്ടതാണ്. ആ വഴിയിലുള്ള ഒരു തുച്ഛമായ സഹായമാണ് ഈ പകുതി ഫീസിളവും. അതു് അവക്കെല്ലാം അനുവദിക്കണമെന്നു പറയുമ്പോൾ ചിലവിന്റെ കായ്യം പൊക്കിക്കൊണ്ടുവരുന്നതു ശരിയല്ല എന്നു പറയാതെ നിവർത്തിയില്ല. കഴിഞ്ഞയാണ്ടത്തെമാതിരി പകുതി ഫീസിളവുനല്കാൻ കുറേകരമായ താമസം ഈയാണ്ടിലെങ്കിലും കൂടാതെ കഴിക്കേണ്ടതാണെന്നുംകൂടി പറഞ്ഞുകൊള്ളട്ടെ. കഴിഞ്ഞയാണ്ടത്തെ നിണ്ടകാലതാമസത്തിനുത്തരവാദികൾ ആരാണെന്നറിഞ്ഞുകൂടാ. അരായാലും വലിയ തെറ്റുകാർതന്നെ. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തൃപ്തികരമല്ലെങ്കിലുംകൂടി ഞാൻ ഉന്നയിച്ച സംഗതികൾ ഔദ്യോഗ്യപൂർവ്വം പുനരാലോചനചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ടു ഈ പ്രമേയം പിൻവലിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

Resolution, by leave, withdrawn

(6) Construction of a bridge at Kattoor

മിസ്റ്റർ കെ. എസ്സ്. പണിക്കർ: *"This Council recommends to Government to construct a bridge at Kattoorr Ferry to connect Trichur and Mukundapuram Taluks."*

ഇതാണ് എന്റെ പ്രമേയം. സർ, ഈ പ്രമേയത്തിനു ഉദ്ദേശം [illegible] കൊല്ലത്തെ പഴക്കം ഈ നിയമസഭയിൽ ഉണ്ട്. [illegible]-ലും, [illegible]-ലും ഇതിനെ സംബന്ധിച്ചു ഗവൺമെണ്ടു് അനുകൂലമായ മറുപടി പറഞ്ഞിട്ടുണ്ട്. ഇതിനനുകൂലമായ മറുപടി കിട്ടിയിട്ടും ഇതുവരേയും അതിന്റെ പണി നടത്തികാണാത്തതിനാലാണ് ഞാൻ വീണ്ടും ഒരു പ്രമേയംമൂലം ഇപ്പോഴും ഗവൺമെണ്ടു് ശ്രദ്ധയിൽ കൊണ്ടുവരുന്നതു്. ഈ പാലത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ചു പല പ്രാവശ്യവും ഈ നിയമസഭയിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഒരിക്കൽകൂടി ഞാൻ പ്രസ്താവിക്കാം. കുമ്പിലാവു്, പരുപ്പിൽ, ചിറക്കൽ, വടക്കുംമുറി, ഇഞ്ചമുടി, കരുപ്പാടം, ചിറമവേലി, കണ്ണംതുരുത്തി, പഴവിൽ മുതലായ പ്രദേശങ്ങളിലുള്ള ജനങ്ങൾക്കു് വൈദ്യസഹായത്തിനുള്ള ആസ്പത്രി, കുട്ടികളുടെ വിദ്യാഭ്യാസത്തിനു അടുത്തും സൌകര്യപ്പെട്ടതുമായ ഹൈസ്കൂൾ, റജിസ്ട്രാപ്പിസ്സ്, മാർക്കറ് മുതലായവ കാട്ടൂരാണ്. ഈ പ്രദേശങ്ങളിലേയും അടുത്തുള്ള പ്രദേശങ്ങളിലേയും ജനങ്ങളുടെ പ്രധാന കാഷ്ടികോല്പന്നമായ അടക്ക, നാളികേരം, നേന്ത്രക്കായ, ചെറുകായ മുതലായവക്കുള്ള മാർക്കറാണ് കാട്ടൂരുള്ളതു്. ആവശ്യമായ സാധനങ്ങൾ ഇവർക്കു വാങ്ങേണ്ടതും ഈ മാർക്കറിൽനിന്നുതന്നെയാണ്. ഈ മാർക്കറിലേക്കും ആസ്പത്രിയിലേക്കും റജിസ്റ്റർ ആപ്പീസിലേക്കും ഹൈസ്കൂളിലേക്കും കരാഞ്ചിറ ലോവർസെക്കണ്ടറി സ്കൂളിലേക്കും ഈ പ്രദേശങ്ങളിലുള്ളവർക്ക് പോകണമെങ്കിൽ എന്റെ ഈ പ്രമേയത്തിൽ പറയുന്ന കാട്ടൂർ കടവു കടന്നേ കഴിയൂ. അതുപ്രകാരംതന്നെ കാട്ടൂർ ചന്തയിൽനിന്നു ചേറ്റുപ്പ്, തുമ്പിവപ്പേശ്വർ,

LIBRARY ARCHIVES Kerala Legislative Assembly